REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 07-05-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **കേരളത്തിലെ മുഖ്യമന്ത്രിയെ തീരുമാനിക്കുന്നതിന് AICC നിരീക്ഷകർ ഡൽഹിയിൽ കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചു.**
- **തമിഴ്നാട്ടിൽ ഗവൺമെന്റ് രൂപീകരിക്കാൻ തമിഴക വെട്രികഴകത്തിന് ഗവർണ്ണർ നൽകിയ സമയം ഇന്ന് അവസാനിക്കെ വിജയ്‌യുടെ ശ്രമം തുടരുന്നു.**
- **ഇന്ത്യയുടെ ആദ്യ തദ്ദേശീയ സ്വയം നിയന്ത്രിത വിക്ഷേപണ ആയുധം 'താര' വിജയകരമായി പരീക്ഷിച്ചു.**
- **കണ്ണൂർ ആകാശവാണി നിലയം പ്രവർത്തനമാരംഭിച്ച് ഇന്ന് 35 വർഷം പൂർത്തിയാവുന്നു.**
- **IPL ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും.**

## വാർത്തകൾ വിശദമായി

കേരളത്തിൽ മുഖ്യമന്ത്രിയെ തീരുമാനിക്കാൻ നിയുക്ത MLA മാരുടെ അഭിപ്രായം തേടിയ AICC നിരീക്ഷകർ ഡൽഹിയിൽ കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചു. അല്പം മുമ്പാണ് മുകുൾ വാസ്നിക്കും അജയ് മാക്കനും മല്ലികാർജ്ജുൻ ഖാർഗെയുടെ വസതിയിലെത്തിയത്. കേരളത്തിന്റെ ചുമതല വഹിക്കുന്ന ദീപാദാസ് മുൻഷി അടക്കം നേതാക്കൾ ഖാർഗെയുടെ വസതിയിൽ യോഗം ചേരുകയാണ്. KC വേണുഗോപാൽ യോഗത്തിൽ പങ്കെടുക്കുന്നില്ല.

✪✪✪

UDF ന് ചരിത്ര വിജയം സമ്മാനിച്ച ജനങ്ങളെയും കഠിനാദ്ധ്വാനം ചെയ്ത പാർട്ടി പ്രവർത്തകരെയും നിരാശപ്പെടുത്താൻ പാടില്ലെന്ന് KPCC പ്രസിഡന്റ് സണ്ണി ജോസഫ് പറഞ്ഞു. ജനവികാരം മാനിക്കണമെന്നും മുഖ്യമന്ത്രിയെ പക്വതയോടെ പാർട്ടി തീരുമാനിക്കുമെന്നും അദ്ദേഹം മാധ്യമങ്ങളെ അറിയിച്ചു. പ്രവർത്തകരോട് അമിതാവേശം പാടില്ലെന്ന് ആവശ്യപ്പെട്ട അദ്ദേഹം എല്ലാ ഘടകങ്ങളും പരിശോധിച്ചായിരിക്കും പാർട്ടി നേതൃത്വം മുഖ്യമന്ത്രിയെ തീരുമാനിക്കുകയെന്നും സണ്ണി ജോസഫ് വ്യക്തമാക്കി.

ചെന്നൈയിലേക്ക് പോയ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ മടങ്ങിവന്ന ശേഷമായിരിക്കും ഗവണ്മെന്റ് രൂപീകരണത്തിന് UDF അവകാശമുന്നയിക്കുന്നത്.

✪✪✪

LDF നെതിരെ ചില മാധ്യമങ്ങൾ മത്സരബുദ്ധിയോടെ പ്രവർത്തിച്ചെന്ന് CPIM കേന്ദ്ര കമ്മിറ്റി അംഗവും മുതിർന്ന പാർട്ടി നേതാവുമായ EP ജയരാജൻ കുറ്റപ്പെടുത്തി. LDF ന് ഉണ്ടായത് അപ്രതീക്ഷിത പരാജയം ആണെന്നും കേരളത്തിൽ ഇങ്ങനെയൊരു ജനവിധി പ്രതീക്ഷിച്ചില്ലെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. ഇടതുപക്ഷം ദുർബലമാകുന്നത് കേരളത്തിന് ഗുണകരമാകില്ലെന്ന് പറഞ്ഞ EP ജയരാജൻ ജനക്ഷേമകരമായ എല്ലാ പ്രവർത്തനങ്ങളും തുടരാൻ ഇടതുപക്ഷം ശ്രമിക്കുമെന്നും അറിയിച്ചു.

✪✪✪

പിണറായി ഗവൺമന്റിന് തെറ്റുപറ്റിയെന്ന് മുതിർന്ന CPI നേതാവ് പ്രകാശ് ബാബു പറഞ്ഞു. ഗവൺമെന്റിന് നയവ്യതിയാനമുണ്ടായെന്നും ആശാസമരം, PM ശ്രീ പദ്ധതി എന്നിവയിൽ പിഴവ് പറ്റിയതായും പ്രകാശ് ബാബു മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

തമിഴ്നാട്ടിൽ ഗവണ്മെന്റ് രൂപീകരണത്തിന് തമിഴക വെട്രികഴകത്തിന് ഗവർണ്ണർ നൽകിയ സമയം ഇന്ന് അവസാനിക്കെ വിജയ്‌യുടെ ശ്രമം തുടരുന്നു. ഭൂരിപക്ഷത്തിനാവശ്യമായ 118 പേരുടെ പിന്തുണ ഉറപ്പാക്കാൻ പാർട്ടി നിർണായക ചർച്ചകൾ നടത്തിവരികയാണ്. തമിഴക വെട്രി കഴകത്തിന് തിരഞ്ഞെടുപ്പിൽ 108 സീറ്റാണ് ലഭിച്ചത്. അഞ്ച് സീറ്റ് ലഭിച്ച കോൺഗ്രസിന്റെ പിന്തുണ ഉറപ്പായെങ്കിലും, ഭൂരിപക്ഷത്തിലേക്ക് ഇനിയും കൂടുതൽ അംഗങ്ങളുടെ പിന്തുണ TVK യ്ക്ക് ആവശ്യമാണ്.

TVK യിലെ മുതിർന്ന നേതാക്കൾ, CPI, CPIM ഭാരവാഹികളുമായി കൂടിക്കാഴ്ച നടത്തിയതിന്റെ പശ്ചാത്തലത്തിൽ രണ്ട് പാർട്ടികളും പിന്തുണ കാര്യം ചർച്ച

ചെയ്യാൻ ഇന്ന് യോഗം ചേരുന്നുണ്ട്. ഇന്നലെ തമിഴ്നാടിന്റെ അധികചുമതല വഹിക്കുന്ന ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കറുമായി കൂടിക്കാഴ്ച നടത്തി വിജയ് ഗവണ്മെന്റ് രൂപീകരണത്തിന് അവകാശമുന്നയിച്ചിരുന്നു. അതിനിടെ, അണ്ണാ DMK MLA മാർ യോഗം ചേർന്ന് ജനറൽ സെക്രട്ടറി എടപ്പാടി പളനിസാമിയെ നിയമസഭാ കക്ഷി നേതാവായി തിരഞ്ഞെടുത്തു.

✪✪✪

അസമിൽ NDA ചൊവ്വാഴ്ച തുടർച്ചയായ മൂന്നാം തവണയും ഗവണ്മെന്റ് രൂപീകരിക്കും. ഇന്നലെ മുതിർന്ന BJP നേതാക്കൾ പങ്കെടുത്ത ഉന്നതതല യോഗമാണ് മന്ത്രിസഭയുടെ സത്യപ്രതിജ്ഞാ തിയതി നിശ്ചയിച്ചത്. ഗോഹട്ടിയിലെ ഖനാപാഡ വെറ്ററിനറി കോളജ് ഗ്രൗണ്ടിലായിരിക്കും സത്യപ്രതിജ്ഞാ ചടങ്ങ്. പ്രധാനമന്ത്രി നരേന്ദ്രമോദി ചടങ്ങിലെ മുഖ്യാതിഥിയാകുമെന്ന് BJP സംസ്ഥാന പ്രസിഡണ്ട് ദിലീപ് സൈക്യ അറിയിച്ചു.

✪✪✪

ബംഗാളിൽ പുതിയ നിയമസഭാ കക്ഷിനേതാവിനെ തെരഞ്ഞെടുക്കുന്നതിന് നിയുക്ത MLAമാർ ഇന്ന് കൊൽക്കത്തയിൽ യോഗം ചേരും. ആഭ്യന്തരമന്ത്രി അമിത് ഷാ യോഗത്തിൽ പങ്കെടുക്കും.

✪✪✪

ഇന്ത്യയുടെ ആദ്യ തദ്ദേശീയ സ്വയം നിയന്ത്രിത വിക്ഷേപണ ആയുധം 'താര' വിജയകരമായി പരീക്ഷിച്ചു. ഒഡീഷ തീരത്ത് DRDO യും ഇന്ത്യൻ വ്യോമസേനയും ചേർന്ന് ടാക്റ്റിക്കൽ അഡ്വാൻസ്ഡ് റേഞ്ച് ഓഗ്മെന്റേഷൻ (TARA) എന്ന ആയുധത്തിന്റെ ആദ്യ പരീക്ഷണ പറക്കൽ വിജയകരമായി പൂർത്തിയാക്കി. ബോംബുകൾ ലക്ഷ്യസ്ഥാനത്ത് എത്തിച്ച് സ്മാർട്ട് ആയുധങ്ങളാക്കി മാറ്റുന്ന ഇന്ത്യയുടെ ആദ്യത്തെ തദ്ദേശീയ 'ഗ്ലൈഡ് വെപ്പൺ സിസ്റ്റം' ആണ് താര എന്ന് രാജ്യരക്ഷാ മന്ത്രാലയം അറിയിച്ചു.

✪✪✪

ഓൺലൈൻ പണം ഇടപാട് ഗെയിമിംഗ് പ്ലാറ്റ്ഫോമുകളുമായി ബന്ധപ്പെട്ട തട്ടിപ്പ്, വഞ്ചന കേസുകളിൽ ഗെയിംസ് ക്രാഫ്റ്റ് ടെക്നോളജീസ് ലിമിറ്റഡിനും അനുബന്ധ സ്ഥാപനങ്ങൾക്കുമെതിരെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കേസെടുത്തു. മൂന്ന് സ്ഥാപകർ അറസ്റ്റിലായി. കർണാടകയിലും ഡൽഹിയിലുമായി 17 ഇടങ്ങളിൽ ഇന്നലെ ED പരിശോധന നടത്തി. പരിശോധനയിൽ നിരവധി രേഖകൾ പിടിച്ചെടുത്തു.

✪✪✪

ഈ വർഷം മാർച്ച് വരെ ദേശീയ പെൻഷൻ പദ്ധതിയിൽ ചേർന്നവരുടെ എണ്ണം രണ്ട് കോടി 17 ലക്ഷമായി ഉയർന്നു. പെൻഷൻ ഫണ്ട് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റിയുടെ നിയന്ത്രിക്കുന്ന പദ്ധതി, വിരമിക്കലിന് ശേഷം പൗരന്മാർക്ക് ദീർഘകാല സാമ്പത്തിക സുരക്ഷ പ്രദാനം ചെയ്യുന്നതാണ്.

✪✪✪

ഹോർമുസ് കടലിടുക്ക് കടക്കുന്നതിനിടെ മൂന്ന് അമേരിക്കൻ യുദ്ധക്കപ്പലുകളെ ഇറാൻ ആക്രമിച്ച സംഭവത്തിൽ ഇറാനെതിരെ ശക്തമായ ആക്രമണം നടത്തുമെന്ന് US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് മുന്നറിയിപ്പ് നൽകി. ഇറാൻ ആക്രമണത്തിനിടയിലും മൂന്ന് അമേരിക്കൻ യുദ്ധക്കപ്പലുകൾ ഹോർമുസിലൂടെ സുരക്ഷിതമായി കടന്നുപോയതായി ട്രംപ് സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ഇറാൻ ഒരിക്കലും ആണവായുധങ്ങൾ സ്വന്തമാക്കുന്നില്ലെന്ന് ഉറപ്പാക്കുന്നതിൽ അമേരിക്കയും യൂറോപ്യൻ യൂണിയനും ഒറ്റക്കെട്ടാണെന്ന് US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പറഞ്ഞു. യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺഡെർലെയ്നുമായി ഫോൺ സംഭാഷണം നടത്തിയെന്നും പശ്ചിമേഷ്യയിലെ സ്ഥിതിഗതികൾ ചർച്ച ചെയ്തെന്നും ട്രംപ് സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

കണ്ണൂർ ആകാശവാണി നിലയം പ്രവർത്തനമാരംഭിച്ച് 35 വർഷം പൂർത്തിയാവുന്നു. വൈവിധ്യമാർന്ന പരിപാടികളിലൂടെ ശ്രോതാക്കളുടെ ഇഷ്ടനിലയമായി മാറിയിട്ടുണ്ട് കണ്ണൂർ നിലയം. കണ്ണൂർ കൃഷ്ണമേനോൻ സ്മാരക ഗവൺമെന്റ് വനിതാ കോളേജ് പ്രിൻസിപ്പൽ ഡോ. KT ചന്ദ്രമോഹൻ വൈകിട്ട് വാർഷികാഘോഷം ഉദ്ഘാടനം ചെയ്യും.

കണ്ണൂരിൽ നിന്ന് KO ശശിധരൻ....

..........വോയ്സ്.........

കണ്ണൂർ കാസർകോട് ജില്ലകളിലെയും മാഹിയിലെയും ഉൾപ്പെടെ ജന ജീവിതത്തിന്റെ സ്പന്ദനങ്ങൾ മാറ്റിമറിച്ചു കൊണ്ടാണ് 1991 മെയ് നാലിന് കണ്ണൂർ പള്ളിക്കുന്നിൽ ആകാശവാണി നിലയം സ്ഥാപിതമായത് 101.5 മെഗാ ഹെർട്സിൽ ആണ് കണ്ണൂർ നിലയത്തിന്റെ പ്രക്ഷേപണം.

രാവിലെ 5 50 മുതൽ രാത്രി 11. 15 വരെ നീളുന്ന പ്രക്ഷേപണത്തിൽ വിജ്ഞാനപ്രദവും വിനോദകരവുമായ പരിപാടികളും ദേശീയ പ്രാദേശിക

വാർത്തകൾക്ക് പുറമെ രണ്ടുമിനിറ്റ് ദൈർഘ്യമുള്ള എഫ് എം പ്രധാന വാർത്തകളും പ്രക്ഷേപണം ചെയ്തു വരുന്നുണ്ട്. മലയോരത്ത് തീരപ്രദേശത്തും ഉൾപ്പെടെ നിരവധി ശ്രോതാക്കളാണ് ആകാശവാണി കണ്ണൂർ നിലയത്തിനുള്ളത്. പ്രക്ഷേപണത്തിലെ വൈവിധ്യതയും ആവിഷ്കാരവും നിലയത്തെ വേറിട്ട് നിർത്തുന്നു. ഇന്ന് വൈകിട്ട് നാലുമണിക്ക് ആകാശവാണിയും നിലയത്തിന് സമീപമാണ് ആഘോഷ പരിപാടികൾ ഒരുക്കിയിട്ടുള്ളത് കണ്ണൂർ കൃഷ്ണമേനോൻ സ്മാരക ഗവൺമെന്റ് വനിതാ കോളേജ് പ്രിൻസിപ്പൽ ഡോക്ടർ കെ ടി ചന്ദ്രമോഹൻ ഉദ്ഘാടനം ചെയ്യും. നിലയത്തിൽ നിന്ന് വിരമിച്ചതും വിരമിക്കാൻ ഇരിക്കുന്നതുമായ ഉദ്യോഗസ്ഥരെ ചടങ്ങിൽ ആദരിക്കും.

✪✪✪

സംസ്ഥാന നിയമസഭയിൽ പുതുതായി തെരഞ്ഞെടുത്ത 11 വനിതാ ജനപ്രതിനിധികളെ ആദരിക്കാൻ സപ്ലൈകോ 'വിമൺസ് 11' എന്ന പരിപാടി സംഘടിപ്പിക്കും. വനിതകൾക്ക് ഈ മാസം 11 മുതൽ 11 ദിവസത്തേക്ക് 11 തെരഞ്ഞെടുത്ത ശബരി ഉൽപ്പന്നങ്ങൾ 11 ശതമാനം വിലക്കുറവിൽ സപ്ലൈകോ ലഭ്യമാക്കുന്ന പരിപാടിയാണിത്.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ഡൽഹി ക്യാപിറ്റൽസിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ഡൽഹി അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിലാണ് മത്സരം

✪✪✪

ISL ഫുട്ബോളിൽ ഇന്ന് സ്പോർട്ടിംഗ് ഡൽഹി, ഒഡീഷ FC യെ നേരിടും. വൈകിട്ട് അഞ്ചിന് ന്യൂഡൽഹി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

ചാലക്കുടിപ്പാലം മേയ് 9 മുതൽ 20 ദിവസത്തേക്ക് അടച്ചിടും. ആശങ്കയായി ഗതാഗതക്കുരുക്ക്.

തൃശൂരിൽ നിന്ന് ഭരിതാ പ്രതാപ്...

.........വോയ്സ്..........

ചാലക്കുടിപ്പുഴയ്ക്കു കുറുകെ ദേശീയപാതയിൽ തൃശൂർ ഭാഗത്തേക്കു വാഹനങ്ങൾ പോകുന്ന പാലം നാളെ മുതൽ വീണ്ടും അടച്ചിടും. ബെയറിങ്ങുകൾ മാറ്റാനാണ് 20 ദിവസത്തേക്കു പാലം അടയ്ക്കുന്നത്. ഈ

ദിവസങ്ങളിൽ സമാന്തരമായി കിഴക്കു ഭാഗത്തുള്ള പാലത്തിലൂടെയായിരിക്കും ഇരു ദിശകളിലേക്കുമുള്ള ഗതാഗതം.

ഇതു വലിയ ഗതാഗതക്കുരുക്കിനു വഴിവയ്ക്കുമോ എന്ന ആശങ്കയുണ്ട്. അറ്റകുറ്റപ്പണികൾക്കായി ചാലക്കുടിപ്പാലം അടച്ചിടാൻ പോകുന്നത് രണ്ടാം തവണ. പ്രാഥമിക അറ്റകുറ്റപ്പണികൾക്കും ബലപരിശോധനകൾക്കുമായി ഏപ്രിൽ 18 മുതൽ 24 വരെ പാലം അടച്ചിട്ടിരുന്നതാണ് . ഈ സമയത്ത് മേഖലയിൽ രൂക്ഷമായ ഗതാഗതക്കുരുക്കുണ്ടായിരുന്നു. പരിശോധനയിൽ പാലത്തിനു ബലക്ഷയമടക്കമുള്ള അപാകതകളൊന്നും കണ്ടെത്തിയിരുന്നില്ല. 25 വർഷം മുൻപു മാറ്റി സ്ഥാപിച്ച ബെയറിങ്ങാണു തേയ്മാനത്തെ തുടർന്നു മാറ്റുന്നത്. പാലം അടച്ചിടുന്നതിനാൽ വരും ദിവസങ്ങളിൽ മേഖലയിൽ ഗതാഗത ക്രമീകരണങ്ങൾ വരുത്തും.

ഇന്നലെ ദേശീയപാത അതോറിറ്റിയുടെ ഉദ്യോഗസ്ഥരെത്തി പരിശോധന നടത്തി..ജൂൺ മാസമാദ്യം സ്കൂൾ തുറക്കും മുൻപേ ജോലികൾ പൂർത്തിയാക്കണമെന്നു നിർദേശമുണ്ട്. മഴ പെയ്താലും ബെയറിങ് മാറ്റുന്നതടക്കമുള്ള ജോലികൾക്കു തടസ്സമുണ്ടാകില്ല.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ചിലയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

✪✪✪

വയനാട്ടിൽ പ്രാദേശിക കാർഷികോല്പന്നങ്ങളുടെ കയറ്റുമതി സജീവമാകുന്നു. വാഴക്കുലയും ചക്കയും വാഴച്ചുണ്ടുമുൾപ്പെടെ ഒട്ടേറെ ഉല്പന്നങ്ങളാണ് വയനാട്ടിൽ നിന്ന് ബാംഗ്ലൂർ ഉൾപ്പെടെ ഭാഗങ്ങളിലേക്ക് കയറ്റി അയക്കുന്നത്.

വയനാട്ടിൽ നിന്ന് അരുൺ വിൻസെന്റ്...

.........വോയ്സ്.........

✪✪✪

സംസ്ഥാനത്ത് സ്വർണ്ണവില കുറഞ്ഞു. പവന് ഇന്ന് 240 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 11,960 രൂപയായി. ഗ്രാമിന് 13,975 രൂപയാണ് ഇന്നത്തെ വില.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് കഴിഞ്ഞ രണ്ടു ദിവസങ്ങളിലായി 1,050 പേർ ഹജ്ജ് തീർത്ഥാടനത്തിന് യാത്ര തിരിച്ചു. ഇന്ന് പുലർച്ചെ 350 വനിതാ തീർത്ഥാടകരുമായി ഒരു വിമാനം പുറപ്പെട്ടു. രാത്രി 8.05ന് മറ്റൊരു ഹജ്ജ് സർവീസുകൂടി ഉണ്ടായിരിക്കും.

ആകെ 4,286 യാത്രക്കാരാണ് കണ്ണൂർ വിമാനത്താവളം വഴി ഇത്തവണ ഹജ്ജിന് പോകുന്നത്.

✪✪✪

*News Editor & News Reader: വി കെ സുരേഷ്*
*News Team: അനിൽ ചന്ദ്രൻ, രജിന കെ, പ്രവീൺ*
*DEO: സി കെ സുബോധ്*